**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2125** **05-02-2026-ൽ മറുപടിയ്ക്ക്**

**ക്രിമിനൽ പശ്ചാത്തലമുള്ള പോലീസ് ഉദ്യോഗസ്ഥർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. എ. ലത്തീഫ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ (2021 മേയ് മുതൽ 2025 ഡിസംബർ വരെ) മർദ്ദന കേസുകളുമായും മറ്റു കേസുകളുമായും ബന്ധപെട്ട് ക്രിമിനൽ പശ്ചാത്തലമുള്ള എത്ര പോലീസ് ഉദ്യോഗസ്ഥന്മാരെ സർവീസിൽ നിന്നും പിരിച്ചുവിട്ടു എന്നുള്ള കണക്കുകൾ വർഷം തിരിച്ചും സേനാവിഭാഗങ്ങൾ തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ; അവരിൽ എത്രപേർ വീണ്ടും തിരികെ സർവീസിൽ പ്രവേശിച്ചു എന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ (20/05/2021 മുതൽ 19/01/2026) കേസുകളിൽ ഉൾപ്പെട്ട കാരണത്താൽ 50 പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. ഇതിൽ 3 പേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്. ഇതേ കാലയളവിൽ ഗുരുതരമായ പെരുമാറ്റ ദൂഷ്യത്തിനും അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിനും 233 പേരെ പിരിച്ചുവിട്ടിരുന്നു. ഇവരിൽ 14 പേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്.

**(ബി)** 2011-16 കാലഘട്ടത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെ പിരിച്ചു വിട്ടിട്ടുണ്ടെന്നും ഇവരിൽ എത്രപേർ തിരികെ സർവീസിൽ പ്രവേശിച്ചിട്ടുണ്ടെന്നുമുള്ള വിശദമായ കണക്കുകൾ ജില്ല, സേനാവിഭാഗങ്ങൾ എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

**മറുപടി:**

| |
|---|
| 18.05.2011 മുതൽ 24.05.2016 വരെയുള്ള കാലയളവിൽ ഗുരുതര ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടതിന് 24 പോലീസ് ഉദ്യോഗസ്ഥരെയും, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന് അച്ചടക്ക നടപടി നേരിട്ട 30 പോലീസ് ഉദ്യോഗസ്ഥരെയും, അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിനെ തുടർന്ന് 62 പേരെയും സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. ആയതിൽ ബഹു. കോടതി/ട്രിബ്യൂണൽ ഉത്തരവ് പ്രകാരവും അപ്പീൽ അധികാരികൾക്ക് സമർപ്പിക്കുന്ന ഹർജികളിന്മേലുള്ള ഉത്തരവുകൾ പ്രകാരവും പിരിച്ചുവിടപ്പെട്ടവരിൽ 24 പേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതാണ്. |

**(സി)** ആലപ്പുഴ മുൻ ഡി.വൈ.എസ്.പി. മധുബാബുവിനെതിരെ എന്തൊക്കെ പരാതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; ഇതിൽ ഒരാൾക്കെതിരെ മാത്രം 22 കള്ളകേസുകളെടുത്തതായും മറ്റു പലർക്കുമെതിരെയും കള്ള കേസുകൾ എടുത്തതായും കസ്റ്റഡിയിൽ മർദിച്ചതായുമുള്ള പരാതികളുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രീ. മധുബാബുവിനെതിരെ പോലീസ് ആസ്ഥാനത്ത് സമർപ്പിച്ച രണ്ട് പരാതികൾ പോലീസ് ഇൻസ്പെക്ടർ ജനറൽ സൗത്ത് സോണും, ജില്ലാ പോലീസ് മേധാവി ആലപ്പുഴയും അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

**(ഡി)** ഇദ്ദേഹത്തെ രണ്ട് മർദ്ദന കേസുകളിൽ കോടതികൾ ശിക്ഷിച്ചതിനെ തുടർന്ന് സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നോയെന്ന് വ്യക്തമാക്കുമോ; ജില്ലാ പോലീസ് സൂപ്രണ്ട് ഇദ്ദേഹത്തിനെതിരെ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപെട്ട് എന്നാണ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ടിയാനെ സസ്പെന്റ് ചെയ്തിരുന്നില്ല. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ മധുബാബു ഫയൽ ചെയ്തിരുന്ന ഒ.എ. നമ്പർ 778/2017-ന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ ലഭിച്ചിരുന്ന സ്പെഷ്യൽ റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ 05.07.2017-ലെ ജി6(എ)4575/2017/ പി.എച്ച്.ക്യൂ. ഉത്തരവ് പ്രകാരം നിർത്തിവെച്ചിരിക്കുകയാണ്.

**(ഇ)** പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; ഈ റിപ്പോർട്ട് പൂഴ്ത്തി വച്ച ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങളും അവർക്കെതിരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ; ഇദ്ദേഹത്തിനെതിരെ പോലീസ് വിജിലൻസ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

**<u>മറുപടി:</u>** തൊടുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ആയിരുന്ന സമയം തൊടുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുമായി ബന്ധപ്പെട്ട പരാതിയിന്മേൽ നടത്തിയ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊടുപുഴ പോലീസ് സ്റ്റേഷനിൽ എസ്.സി 56/2024/ഐ.ഡി.കെ നമ്പരായി ഒരു മിന്നൽ പരിശോധന നടത്തി ലഭിച്ച റിപ്പോർട്ട് വിജിലൻസ് വകുപ്പിന്റെ പരിശോധനയിലാണ്.

**(എഫ്)** രണ്ട് മർദ്ദനകേസുകളിൽ കോടതി ശിക്ഷിച്ച അനേകം പേരെ കസ്റ്റഡിയിൽ മർദിച്ച കള്ള കേസുകളെടുത്ത ഒരാൾക്ക് എങ്ങിനെയാണ് ഡി.വൈ.എസ്.പി. തസ്തിക വരെ പ്രൊമോഷൻ നൽകിയതെന്നും ലാ & ഓർഡർ തസ്തികയിൽ നിയമനം നൽകിയതെന്നും വിശദീകരിക്കുമോ;

**<u>മറുപടി:</u>** ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (OA No. 1833/2017) 06.04.2018-ലെ ഉത്തരവ് പ്രകാരമാണ് ശ്രീ.മധുബാബുവിന് ഡി.വൈ.എസ്.പി തസ്തികയിൽ താല്ക്കാലിക പ്രൊമോഷൻ ലഭിച്ചത്. 2014 മുതൽ 2018 വരെ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും ഡി.വൈ.എസ്.പി ആയി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവർക്ക് വേണ്ടി ബഹുമാനപ്പെട്ട കേരള അഡ്മിന്സ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ (OA No. 235/2019) 22.03.2019 തീയതിയിലെ ഉത്തരവ് പ്രകാരം 17.02.2020-ന് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി റിവ്യൂ നടത്തുകയും ശ്രീ. മധുബാബുവിനെ 2015-ലെ ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റിൽ 38 (a) ആയി ഉൾപ്പെടുത്തുകയും ചെയ്തു. പ്രൊമോഷൻ നൽകുന്ന സമയത്തോ വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി കൂടുന്ന സമയത്തോ ശ്രീ.മധുബാബുവിനെ കോടതി ശിക്ഷിച്ചിട്ടില്ലാത്തതാണ്.

**(ജി)** ഇദ്ദേഹം വരുമാനത്തിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചിട്ടുണ്ടോയെന്നും അദ്ദേഹത്തിന് എതിരെയുള്ള പരാതികൾ സംബന്ധിച്ചും പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച്

അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ശ്രീ. മധുബാബു പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ SHO ചാർജ്ജിലിരിക്കെ ക്രൈം 1672/2013 U/s 302 IPC നമ്പർ കേസിലെ പ്രതികളായ കരിക്കിനേത്ത് ടെക്സ്റ്റൈൽസ് ഉടമകളെ പ്രതി സ്ഥാനത്ത് നിന്നും രക്ഷിക്കുന്നതിനായി ടി കേസിലെ അന്വേഷണത്തിൽ മനപ്പൂർവ്വം തിരിമറി നടത്തി തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് 5 ലക്ഷം രൂപ കൈക്കൂലിയായി വാങ്ങിയ പണം ഉപയോഗിച്ച് കോട്ടയം പാമ്പാടിയിൽ ഭാര്യയുടെ പേരിൽ വസ്തു വാങ്ങി എന്നും മറ്റുമുള്ള ആരോപണം ഉന്നയിച്ച് ലഭിച്ച പരാതിയിന്മേൽ നടത്തിയ പരിശോധനയിൽ പരാതിയിൽ ഉന്നയിക്കുന്ന ആരോപണങ്ങൾ തെളിയിക്കുന്നതിന് ഉതകുന്ന തെളിവുകളോ രേഖകളോ ഹാജരാക്കുന്നതിനും ആരോപണ-ങ്ങളിലേക്ക് വ്യക്തമായി വിരൽ ചൂണ്ടുന്ന സാഹചര്യങ്ങൾ സൂചിപ്പിക്കുന്നതിനും പരാതിക്കാരന് കഴിഞ്ഞിട്ടില്ല.

ശ്രീ.മധുബാബു, ഡി.വൈ.എസ്.പി- യ്ക്കെതിരെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് അന്വേഷണങ്ങൾ ഒന്നും വിജിലൻസ് വകുപ്പിൽ നിലവിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**